©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 നവംബർ 11<br>11th November 2025<br>1201 തുലാം 25<br>25th Thulam 1201<br>1947 കാർത്തികം 20<br>20th Karthika 1947 | നമ്പർ<br>No. | 3998 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

#### വിജ്ഞാപനം

നമ്പർ : 72/2025/ സം.തി.ക തിരുവനന്തപുരം,2025 നവംബർ 10

ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് ചെലവിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കാനും തിരഞ്ഞെടുപ്പിന് ശേഷം നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് അവ സമർപ്പിക്കാനും ബാദ്ധ്യസ്ഥനാണെന്ന് കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 141, 142 വകുപ്പുകൾ അനുശാസിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതും നിശ്ചിത പരിധിയിൽ കൂടുതൽ ചെലവ് ചെയ്യുന്നതും കേരള മുനിസിപ്പാലിറ്റി ആക്ട് 89 ആം വകുപ്പ് പ്രകാരം കമ്മീഷന് ഒരാളെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2025 ഫെബ്രുവരി 24 -ാം തീയതിയിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലേക്ക് / മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകളും, ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ വിവരവും നിശ്ചിത ഫോറത്തിൽ ഉൾപ്പെടുത്തി കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കമ്മീഷൻ പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിക്കുകയും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളോട് കേരള മുനിസിപ്പാലിറ്റി ആക്ട് 89 ആം വകുപ്പ് പ്രകാരം അയോഗ്യരാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിനും ഇത് സംബന്ധിച്ച നിവേദനം സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ട പ്രകാരം രേഖാമൂലം നോട്ടീസ് നൽകിയിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 525 ആം വകുപ്പ് വ്യവസ്ഥ ചെയ്യുന്ന രീതിയിലാണ് മുനിസിപ്പാലിറ്റി സെക്രട്ടറി മുഖേന ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. പ്രസ്തുത നോട്ടീസ് കൈപ്പറ്റിയതിനു ശേഷം ചെലവ് കണക്ക് യഥാസമയം സമർപ്പിക്കാതിരുന്നതിന് മതിയായ കാരണങ്ങൾ നൽകി ചെലവ് കണക്ക് സമർപ്പിച്ചവർക്കെതിരെയുള്ള നടപടി കമ്മീഷൻ അവസാനിപ്പിച്ചിട്ടുള്ളതാണ്.

3.എന്നാൽ, ഇതോടൊപ്പമുള്ള പട്ടികയിൽ പേര് ചേർക്കപ്പെട്ടവർക്ക് മേൽപ്പറഞ്ഞ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അപ്രകാരമുള്ള വീഴ്ചക്ക് മതിയായ കാരണമോ ന്യായമോ ബോധിപ്പിക്കാതിരിക്കുകയും ചെയ്തതായി കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

4.ആയതിനാൽ, ഇതോടൊപ്പമുള്ള പട്ടികയുടെ അഞ്ചും ആറും കോളങ്ങളിലായി പേര് വിവരം ചേർത്തിരിക്കുന്നവർ, 1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 89 ആം വകുപ്പ് അനുസരിച്ച് നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ, ന്യായീകരണമോ ഇല്ലായെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെട്ട സാഹചര്യത്തിൽ അവർ കൗൺസിലറായി തുടരുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം അവർക്ക് ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് മേൽപ്പറഞ്ഞ അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം, എ.ഷാജഹാൻ
തിരുവനന്തപുരം-33 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

## പട്ടിക

| 24-02-2025 ലെ ഉപതിരഞ്ഞെടുപ്പ് | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ജില്ല | മുൻസിപ്പാലിറ്റിയുടെ നമ്പരും പേരും | വാർഡിന്റെ നമ്പരും പേരും | അയോഗ്യത കല്പിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് | മേൽവിലാസം |
| (1) | (2) | (3) | (4) | (5) | (6) |
| 1 | തിരുവനന്തപുരം | C.01-തിരുവനന്തപുരം | C.79-ശ്രീവരാഹം | ഹരികുമാർ ബി | 338,അടിയന വീട് |
| 2 | പത്തനംതിട്ട | M.09-പത്തനംതിട്ട | M.15-കുമ്പഴ നോർത്ത് | പ്രിയ സതീഷ് | 173,ഐക്കരേത്ത് ഇല്ലത്ത് പുതുവേലിൽ |

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.11 04:38:32 +05:30